## ഇ-ടെൻഡർ

## ബസ് വാടകയ്ക്ക് ആവശ്യമുണ്ട്

റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് വക കുളത്തൂപ്പുഴ എസ്റ്റേറ്റിൽ നിന്നും 2019-20-ൽ കുട്ടികളെ വിവിധ സ്കൂളുകളിൽ എത്തിക്കുന്നതിനും തിരികെ കൊണ്ടുവരുന്നതിനുമായി കുറഞ്ഞത് 50 സീറ്റിംഗ് കപ്പാസിറ്റി ഉള്ള ഒരു ബസ്സ് ഓടിക്കുന്നതിന് ബസ് ഉടമകളിൽ നിന്നും ഇ-ടെൻഡറുകൾ ക്ഷണിക്കുന്നു. നിരതദ്രവ്യം : ₹ 10,000/-, ടെൻഡർ ഫോമിന്റെ വില : **₹ 1785/-** (₹ 1700.00+5%GST). ടെൻഡറുകൾ സമർപ്പിക്കേണ്ടുന്ന **അവസാന തീയതി: 24.07.2019**, 5.00 പി.എം, ടെൻഡറുകൾ തുറക്കുന്ന തീയതി: 27.07.2019, 2.00 പി.എം.

For more details ,visit:www.etenders.kerala.gov.in

TENDER ID: 2019_RPL_284437_1

(ഒപ്പ്)

RPL/S/1416/2019/KE/2019/bus dtd. 29 .06.2019 മാനേജിംഗ് ഡയറക്ടർ

RPL/S/1416/KE/2019/Bus dt.29.06.2019

**റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്, പുനലൂർ**
**ഇ-ടെൻഡർ വ്യവസ്ഥകൾ**

1. റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് വക കുളത്തൂപ്പുഴ എസ്റ്റേറ്റിൽ നിന്നും 2019-20-ൽ കുട്ടികളെ വിവിധ സ്കൂളുകളിൽ എത്തിക്കുന്നതിനും തിരികെ കൊൺടുവരുന്നതിനുമായി കുറഞ്ഞത് 50 സീറ്റിംഗ് കപ്പാസിറ്റി ഉള്ള ഒരു ബസ്സ് ഓടിക്കുന്നതിന് ബസ് ഉടമകളിൽ നിന്നും ഇ-ടെൻഡറുകൾ ക്ഷണിക്കുന്നു.

2. ഇ-ടെൻഡറുകൾ ഇ-ടെൻഡർ സൈറ്റിൽ (www.etenders.kerala.gov.in) ക്വാട്ട് ചെയ്യാവുന്നതാണ്. ക്വാട്ട് ചെയ്യുന്ന നിരക്ക് G.S.T ഉൾപ്പെടെ ആയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് കമ്പനിയുടെ ഹെഡ്ഡ് ഓഫീസുമായി (പർച്ചേസ് ഡിപ്പാർട്ടുമെന്റ്) ബന്ധപ്പെടുകയോ www.rplkerala.com/www.etenderskerala.gov.in) എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

3. ടെൻഡറിനോടൊപ്പം ഇ.എം.ഡി ആയി 10,000/- രൂപ ഓൺലൈൻ വഴി നൽകേ താണ്. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ്, ടാക്സ് ടോക്കൺ, ആർ.സി ബുക്കിന്റെ കോപ്പി മുതലായവയും ടെൻഡറിനോടൊപ്പം ഹാജരാക്കേൺടതാണ്. ടെൻഡർ സമർപ്പിക്കുന്ന ആളിന്റെ തിരിച്ചറിയലിനുവേൺടി PAN Card/ Election ID Card/ Passport ഇവയിൽ ഏതിന്റെ എങ്കിലും അറ്റസ്റ്റ് ചെയ്ത കോപ്പി ടെൻഡറിനോടൊപ്പം സമർപ്പിക്കേൺടതാണ്.

4. വാഹനത്തിന് ടെൻഡർ നോട്ടീസിൽ പറഞ്ഞിരിക്കുന്ന രീതിയിൽ കുട്ടികളെ വിവിധ സ്ഥലങ്ങളിൽ എത്തിക്കുന്നതിന് ആവശ്യമായ സീറ്റിംഗ് കപ്പാസിറ്റി ഉൺടായിരിക്കേൺടതാണ്. 2011-ഓ അതിനുശേഷമുള്ളതോ ആയ മോഡൽ വാഹനം ആയിരിക്കണം. അതുപോലെ തന്നെ ബസിന് നല്ല പ്രവർത്തനക്ഷമതയും, ഇൻഷ്വറൻസ് കവറേജും ഉൺടായിരിക്കണം. കരാറുകാരൻ കാലാകാലങ്ങളിൽ ഇൻഷ്വറൻസ്, ടാക്സ് മുതലായവ സ്വന്തം ചെലവിൽ പുതുക്കി പേപ്പറുകൾ കമ്പനിയിൽ ഹാജരാക്കേൺടതാണ്.

5. വാഹനത്തിന് ആവശ്യമായ ഇന്ധനവും, സ്പെയറുകളും, റിപ്പയറിങ്ങും, വളരെ ഉത്തരവാദിത്വമുള്ള ജോലിക്കാരും ((ഡ്രൈവറും പോർട്ടറും അടക്കം) മറ്റുകാര്യങ്ങളും കരാറുകാരൻ സ്വന്തം ചെലവിൽ കരുതിയിരിക്കേൺടതാണ്. കരാറുകാരന്റെ ജോലിക്കാരുടെ വേതനവും മറ്റുനിയമാനുസരണമായി നൽകേൺടുന്ന ആനുകൂല്യങ്ങളും നൽകുവാൻ കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കും. കമ്പനിക്ക് യാതൊരുവിധ ഉത്തരവാദിത്വവും ഈ കാര്യങ്ങളിൽ ഉൺടായിരിക്കുന്നതല്ല.

6. ഏതെങ്കിലും കാരണവശാൽ കരാറുകാരൻ വാഹനങ്ങൾ നിശ്ചിത സമയത്ത് ഓടിക്കാതെ വന്നാൽ, കമ്പനി ബദൽ സംവിധാനം ഏർപ്പെടുത്തുന്നതും അതുമൂലമുൺടാകുന്ന സകലവിധ കഷ്ടനഷ്ടങ്ങളും കരാറുകാരനിൽ നിന്നും ഈടാക്കുന്നതും ആയിരി

ക്കും. കൂടാതെ മേൽപ്പറഞ്ഞ വീഴ്ചവരുത്തിയ ദിവസങ്ങളിലേക്ക് പ്രതിദിനം 500/- രൂപ ക്രമത്തിൽ ഫൈൻ ഈടാക്കുന്നതുമാണ്.

7. ടെൻഡറിൽ പറഞ്ഞിരിക്കുന്ന നിരക്ക് കൂടുതൽ ആണെന്ന് കൺടാൽ നെഗോഷിയേഷൻ നടത്തുന്നതിന് കമ്പനിക്ക് അധികാരം ഉൺടായിരിക്കും.

8. ടെൻഡർ ഉറപ്പിച്ച അറിയിപ്പു കമ്പനി നൽകുന്നതോടുകൂടി കരാർ നിലവിൽ വരുന്നതായിരിക്കും. ടെൻഡർ ഉറപ്പിച്ച അറിയിപ്പു ലഭിച്ച് 7 ദിവസത്തിനകം കരാറുകാരൻ 10,000/- രൂപ സെക്യൂരിറ്റി അടച്ച് 200/-രൂപ മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വയ്ക്കേൺടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം ഇ.എം.ഡി കമ്പനിയിലേക്ക് കൺടുകെട്ടുന്നതാണ്.

9. ടെൻഡറിന്റെ കാലാവധി മാർച്ചുമാസം 31 വരെയോ അല്ലെങ്കിൽ 2019-20 അക്കാദമിക് വർഷത്തിന്റെ അവസാനം വരയോ ആയിരിക്കും. ആവശ്യമെങ്കിൽ ഒരു മാസത്തെ നോട്ടീസ് നൽകി കരാർ റദ്ദാക്കുവാൻ കമ്പനിക്ക് അധികാരമുൺടായിരിക്കും.

10. കരാറുകാരൻ G.S.T നിബന്ധനകൾക്കു അനുസൃതമായ ബില്ലുകൾ എസ്റ്റേറ്റ് മാനേജർക്ക് അതതു മാസങ്ങളിൽ സമർപ്പിക്കേ താണ്.

11. കമ്പനിക്കുവേൺടി ഓടിക്കേ ി വരുന്ന സമയങ്ങളിൽ കമ്പനി നിശ്ചയിക്കുന്ന കുട്ടികളെയല്ലാതെ യാത്രക്കാരായി മറ്റാരേയും വാഹനത്തിൽ കയറ്റുവാൻ പാടില്ലാത്തതും ഇതിൽ നിന്ന് കരാറുകാരൻ വ്യതിചലിച്ചാൽ ആയതിന് മോട്ടോർ വകുപ്പ് ചുമത്തുന്ന പിഴ കരാറുകാരൻ തന്നെ വഹിക്കേൺടതുമാണ്. മോട്ടോർ വാഹന നിയമപ്രകാരമുള്ള എല്ലാ വ്യവസ്ഥകളും പാലിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

12. ടെൻഡർ ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം ടെൻഡറിൽ പറഞ്ഞിരിക്കുന്ന സമയത്ത് ടെൻഡർ തുറക്കുന്നതുമായിരിക്കും.

13. കരാറുകാരൻ ഏതെങ്കിലും ടെൺഡർ/കരാർ വ്യവസ്ഥകൾ ലംഘിച്ചാൽ കരാർ റദ്ദാക്കുന്നതിനും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ബദൽ സംവിധാനമേർപ്പെടുത്തുവാൻ കമ്പനിക്ക് അധികാരമുൺടായിരിക്കുന്നതാണ്. ഇപ്രകാരമുൺടാകുന്ന ചെലവ്/നഷ്ടം റവന്യൂ റിക്കവറി നടപടി മൂലമോ, കരാറുകാരന് കമ്പനിയിൽ നിന്നും ലഭിക്കുവാനുള്ള മറ്റ് തുകകളിൽ നിന്നോ നിയമ നടപടി മുഖേനയോ ഈടാക്കുവാൻ കമ്പനിക്ക് അധികാരം ഉൺടായിരിക്കും. കരാറിൽ വീഴ്ച വരുത്തുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുമായിരിക്കും. ഇപ്രകാരം ബദൽ സംവിധാനം ഏർപ്പെടുത്തുമ്പോൾ ലഭിക്കുന്ന നിരക്ക് കരാറുകാരൻ നൽകിയിരിക്കുന്ന നിരക്കിലും കുറവാണെങ്കിൽ അതുമൂലമുൺടാകുന്ന നിരക്കു വ്യതിയാനത്തിനു കരാറുകാരൻ അർഹനായിരിക്കില്ല.

14. കരാറുകാരന്റെയോ കരാറുകാരന്റെ തൊഴിലാളികളുടെയോ അശ്രദ്ധ മൂലമോ അല്ലാതെയോ എന്തെങ്കിലും അപകടം സംഭവിച്ചാൽ അതിനു കരാറുകാരൻ മാത്രമായിരിക്കും

ഉത്തരവാദി. കമ്പനിക്ക് യാതൊരുവിധ ഉത്തരവാദിത്വവും ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല.

15. കരാറുകാരൻ കമ്പനി നിശ്ചയിക്കുന്ന വിവിധ സമയങ്ങളിലും റൂട്ടുകളിലും വാഹനം ഓടിക്കുന്നതിനും ബാധ്യസ്ഥനായിരിക്കും. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ പുനലൂരിലുള്ള ഹെഡ് ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

16. ടെൻഡറിൽ മാറ്റങ്ങൾ വരികയാണെങ്കിൽ അത് ഇ ടെൻഡർ സൈറ്റിൽ കൊറിജൻഡമായി അപ്‌ലോഡ് ചെയ്യുന്നതാണ്.

Route Details as follows

Staring from central store at 6.40 am via 2H colony, 2J colony, 9 B colony, 1E cololny, 1C colony, Koovakkadu, Kulathupuzha, panchakkada, Chandanakkavu, Yerror, Anchal reaching there at 9.20 am

Return on the same route – approximate to & fro distance – 84 km.

**(ഒപ്പ്)**

**മാനേജിംഗ് ഡയറക്ടർ**